പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

15.7.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2211

# പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയുടെ കൈമാറ്റം

ചോദ്യം
ശ്രീ.റോഷി അഗസ്റ്റിൻ:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കേരള ലാന്റ് അസൈൻമെന്റ് റൂൾസ് 1964, റൂൾ 9(1) അനുസരിച്ച് അപ്പൻഡിക്സ്-1 പ്രകാരമുള്ള അസൈൻമെന്റ് ഓഡർ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്കുള്ള എല്ലാ തുകകളും പൂർണ്ണമായി അടച്ചിട്ടുള്ളതും എന്നാൽ പട്ടയം അനുവദിച്ചിട്ടില്ലാത്തതുമായ ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിയമതടസ്സം ഉണ്ടോ ; | (എ) 1964-ലെ ഭൂമിപതിവ് ചട്ടം 9(1) അനുസരിച്ച് അപ്പൻഡിക്സ് (1) പ്രകാരമുള്ള അസൈൻമെന്റ് ഓർഡർ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്കുള്ളതും എന്നാൽ പട്ടയം അനുവദിച്ചിട്ടില്ലാത്തതുമായ ഭൂമി കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥയില്ലാത്തതാണ്. അസൈൻമെന്റ് ഓർഡറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടു മാത്രമെ ഭൂമി കൈമാറ്റം പാടുള്ളൂ. |
| (ബി) തറവില മുതലായവ അടച്ച ഭൂമി പട്ടയം ലഭിക്കുന്നതിന് മുമ്പ് കൈമാറ്റം ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) തറവില മുതലായവ അടച്ചതിന് ശേഷം പട്ടയം ലഭിക്കുന്നതിന് മുമ്പ് ഭൂമി കൈമാറ്റം ചെയ്യുന്നത് കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്നതല്ല. |
| (സി) തറവില മുതലായ പൂർണ്ണമായും സർക്കാരിലേയ്ക്ക് അടച്ചിട്ടുള്ളതും, അഞ്ചു വർഷങ്ങൾക്കുശേഷം കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഭൂമിക്ക് പിന്നീട് പട്ടയം അനുവദിക്കുകയാണെങ്കിൽ തറവില മുതലായവ അടച്ച കക്ഷിയുടെ പേരിലാണോ ; അതോ ഭൂമി കൈമാറ്റം വാങ്ങിയ ആളുടെ പേരിലാണോ പട്ടയം അനുവദിക്കുന്നത് ; | (സി) പട്ടയം ലഭിക്കുന്നതിന് മുമ്പ് കൈമാറ്റം ചെയ്യുന്നത് നിയമ വിരുദ്ധമാണ്. |
| (ഡി) 1977 (1) സുപ്രീം കോർട്ട് കേസ് 213 എന്ന വിധി പ്രകാരം തറവില മുതലായവ കെ.എൽ.എ. റൂൾസ് 1964 9(1) പ്രകാരം അടച്ചിട്ടുള്ളതും പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ എല്ലാ കക്ഷികൾക്കും പൊതുവിൽ ഇത് ബാധകമാണോ ? | (ഡി) ടി സുപ്രീംകോടതി വിധി പ്രസ്തുത കേസിന് മാത്രം ബാധകമാണ്. കേരള ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായ തുകകൾ അടച്ചിട്ടുള്ളതും പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമി കൈമാറ്റം ചെയ്യാൻ വ്യവസ്ഥയില്ല. കേരള നിയമസഭ പാസ്സാക്കിയ ലാന്റ് അസൈൻമെന്റ് ആക്ടിനാണ് അതു പ്രകാരം നടപ്പിൽ വരുത്തിയ ചട്ടങ്ങൾക്കുമാണ് മുൻഗണന നൽകേണ്ടത്. ആകയാൽപ്രസ്തുത സുപ്രീകോടതി വിധി, ഇപ്രകാരമുള്ള എല്ലാ കേസ്സുകളിലും പരിഗണിക്കാവുന്നതല്ല. |

Rajeena
സെക്ഷൻ ഓഫീസർ